# ഇശൽ
# പൈതൃകം

ത്രൈമാസിക ലക്കം: 41

# Ishal Paithrkam

Online issue 26 print issue 41 March 2025

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
March 2025

ISSN:2582-550X

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 41
2025 മാർച്ച്

പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി
**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.
**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ
**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC CARE indexed
Quarterly
Bilingual
Issue: 41
Online issue: 26
March: 2025
all rights reserved

**Editor**
Dr. Shamshad hussain. KT

Printed @
LIPI Offset
Malappuram

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

ISSN:2582-550X

# Modernity and Communal Reform in *Sultan Veed*

**Fathima Shifanath K.T**
**Dr. HaskerAli E.C**

The novel is a literary form that presents social life in all its complexities. When a real society or a particular community within it is chosen as the focal point in literature, aspects such as the history, culture, geography, social environment, and language of that people and region become highly significant. *Sultan Veedu* by P. A. Mohammed Koya is a novel that incorporates these characteristics. The novel is set against the backdrop of Kuttichira, a historically significant area in Kozhikode, and the Koyas of that region. This study attempts to explore how modernity influenced the Koya community and the socio-cultural transformations that resulted from it.

Various literary forms have emerged in all languages as part of socio-cultural reform. The isolated reform movements in Kerala were all part of a broader renaissance process. Most caste and religious groups, including the Namboothiris, Nairs, Muslims, Christians, and Dalits, had their own reform movements, which were also associated with political awakening. This novel also embodies such an objective. *Sultan Veedu* follows the conventional narrative pattern of modern Malayalam novels, in which the protagonist's emotional turmoil is unveiled. Since the novel tells the story of a particular community in a specific region, the impact of modernity is evident throughout. Progressive ideas and events manifest differently across regions, societies, and communities. The emergence of new perspectives in political and religious spheres played a crucial role in the transformation

of this community. Alongside this, capitalism also found its foothold. The growth of capitalism in the first half of the 20th century transformed Kozhikode into a modern urban space, and the novel reflects these changes.

A key characteristic of the period in which the story is set—starting from the 1920s—is that it was the era of the Malabar Rebellion. Broadly speaking, this was also a time when Mappila Muslims began to organize themselves. In other words, it marked the beginning of an awareness of transformation, even among the minority within the community. The novelist employs the rejection of tradition, a hallmark of modernity, as the primary means of making the protagonist, Ummar Koya, modern. By openly opposing the rigidities of tradition, customs, and rituals, he embraces modernity. As a result of this modernization, Ummar Koya undergoes a transformation. However, the novel does not portray the possibility of community-wide reform for everyone in the 'tharavad'. Instead, through Ummar Koya, the novelist attempts to showcase the comprehensive nature of socio-cultural reform in line with the times. His journey serves as an attempt to create a model for others to follow. The narrative of *Sultan Veedu* unfolds simultaneously at the levels of the land, the community, and the individual. Through its multilayered readings, the novel also holds potential as a valuable resource for regional historical studies.

**Keywords:** Community, tradition, modernity, communal reform, local history.

## Reference

Jameel Ahammed. (2017 November -2018 January). *Sulthan Veed' Kuttichirayude Ithihasam*. Kavana koumudhi thrai masika, ISSN 2456-2513

Mammad Koya, P.P. Parappil. (2012). *Kozhikotte muslingalude charithram*. Kozhikode: Vachanam books.

Muhammed Koya, P. A. (2021). *Sulthan Veed*. Kozhikode: Olive Publications.

Paul, M. P. (1998). *Novel Sahithyam*. Kottayam: Sahithya Pravarthaka Sahakarana Sangham, 12th Edition.

Raveendran, P. P. (2017). Aadhunikatha. Aju K. Narayanan (Edi.) *Thakkol Vakkukal Vijara mathrukakal Keraleeya Nottangal*. Aluva: Vidwan P. G. Nayar Smaraka Gaveshana Kendram.

**Fathima Shifanath K.T**
Research Scholar
Department of Malayalam & Kerala Studies
University of Calicut
Pin: 673635
India
Email: shifanakt23@gmail.com
Ph: +91 9495675638
ORCID: 0009-0001-5182-761X
&
**Dr. HaskerAli E.C**
Professor
Department of Malayalam
Sullamussalam Science College, Areekode
Pin: 673639
India
Email: drhaskerali@gmail.com
Ph: +91 9895092330
ORCID: 0009-0009-4143-9726

# ആധുനികതയും സാമുദായികപരിഷ്കരണവും *സുൽത്താൻ വീട്ടിൽ*

**ഫാത്തിമ ഷിഫാനത്ത് കെ. ടി**
**ഡോ. ഹസ്കറലി ഇ. സി**

സാമൂഹികജീവിതം അതിന്റെ എല്ലാ സങ്കീർണ്ണതകളോടെയും അവതരിപ്പിക്കുന്ന സാഹിത്യരൂപമാണ് നോവൽ. യഥാർത്ഥമായ ഒരു സമൂഹത്തെയോ അല്ലെങ്കിൽ അതിനകത്ത് നിലകൊള്ളുന്ന ഒരു പ്രത്യേക സമുദായത്തെയോ കേന്ദ്രബിന്ദുവാക്കി സാഹിത്യത്തിൽ ആവിഷ്കരിക്കേണ്ടി വരുമ്പോൾ ആ ജനതയുടെയും ദേശത്തിന്റെയും ചരിത്രം, സംസ്കാരം, ഭൂമിശാസ്ത്രം, സാമൂഹികപരിസരം, ഭാഷ എന്നിവക്ക് വലിയ പ്രാധാന്യമുണ്ട്. ഈ സവിശേഷതകൾ ഉൾക്കൊള്ളുന്ന പി. എ. മുഹമ്മദ് കോയയുടെ നോവലാണ് *'സുൽത്താൻവീട്'.* കോഴിക്കോട് ജില്ലയിലെ ചരിത്രപ്രസിദ്ധ പ്രദേശമായ കുറ്റിച്ചിറയും അവിടത്തെ കോയമാരുമാണ് നോവലിന്റെ പശ്ചാത്തലം. ഈ നോവലിനെ മുൻനിർത്തി ആധുനികത എങ്ങനെയെല്ലാമാണ് കോയസമുദായത്തെ സ്വാധീനിച്ചതെന്നും അതിലൂടെ സംഭവിച്ച സാമുദായികവും സാമൂഹികവുമായ പരിഷ്കരണം എത്തരത്തിലുള്ളതായിരുന്നുവെന്നതുമാണ് ഈ പ്രബന്ധത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത്.

**താക്കോൽ വാക്കുകൾ:** സമുദായം, പാരമ്പര്യം, ആധുനികത, സാമുദായികപരിഷ്കരണം, പ്രാദേശികചരിത്രം.

**ആമുഖം**

സർഗാത്മകവ്യവഹാരങ്ങളിൽ ദേശം അല്ലെങ്കിൽ സ്ഥലം

എന്നതിനെ വിപുലമായി ആവിഷ്കരിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നത് നോവലുകളിലാണ്. കോഴിക്കോട് ദേശത്തിന്റെ ചരിത്രവും സംസ്കാരവും ഉൾച്ചേർന്നിരിക്കുന്ന ഒരുപിടി നോവലുകൾ മലയാളത്തിലുണ്ടായിട്ടുണ്ട്. എസ്.കെ. പൊറ്റെക്കാടിന്റെ *ഒരു ദേശത്തിന്റെ കഥ*, *ഒരു തെരുവിന്റെ കഥ*, എൻ. പി. മുഹമ്മദും എം. ടി. വാസുദേവൻ നായരും ചേർന്നെഴുതിയ *അറബിപ്പൊന്ന്,* പി.എ. മുഹമ്മദ് കോയയുടെ തന്നെ *സുറുമയിട്ട കണ്ണുകൾ,* എൻ.പി. മുഹമ്മദിന്റെ *എണ്ണപ്പാടം, മരം,* എൻ.പി. ഹാഫിസ് മുഹമ്മദിന്റെ *ഹാർമ്മോണിയം, എസ്പതിനായിരം,* തിക്കോടിയന്റെ *ചുവന്ന കടൽ,* സാബി തെക്കേപ്പുറത്തിന്റെ *കെച്ചുമ്മ,* അഷ്റഫ് കാനാമ്പുള്ളിയുടെ *അറബിക്കടലും അറ്റ്ലാന്റിക്കും*, മനു റഹ്മാന്റെ *യൂസുഫ് സെക്കറിന്റെ കടൽ* എന്നീ നോവലുകൾ ഈ ഗണത്തിൽ പെടുത്താവുന്നവയാണ്. ഇവയെല്ലാം ഏറിയും കുറഞ്ഞും കോഴിക്കോടിന്റെ സാമൂഹിക-സാംസ്കാരികപരിണാമങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്. ഇവയിൽ സാമുദായിക പരിഷ്കരണസ്വഭാവമുള്ള നോവലാണ് *സുൽത്താൻ വീട്.* 'ഇതൊരു പുസ്തകം അല്ല. ഇത് ഞാനാണ് (This is no book- it is I)' എന്ന മിഖായേൽ ലൂകോനിന്റെ കവിതയോടെയാണ് *സുൽത്താൻ വീട്* പി.എ. മുഹമ്മദ് കോയ അവതരിപ്പിക്കുന്നത്. നോവലിസ്റ്റിന്റെ ആത്മാംശം കലർന്ന കൃതിയാണിത്. താൻ ജനിച്ചു വളരുന്ന, ഇടപഴകുന്ന ദേശം ഒരു എഴുത്തുകാരനെ രൂപപ്പെടുത്തുന്നുണ്ട്. ഇതിനോട് ചേർത്ത് വായിക്കാവുന്ന അഭിപ്രായം എം.പി. പോൾ '*നോവൽ സാഹിത്യ*'ത്തിൽ പങ്കുവെക്കുന്നുണ്ട്. 'ഇരുപതാം നൂറ്റാണ്ടിൽ നോവൽസാഹിത്യത്തിനുണ്ടായിട്ടുള്ള മറ്റൊരു നേട്ടം ആത്മോപാഖ്യാനപ്രധാനമായ കഥയാണ്. അതീതയൗവനനായ ഏതൊരുത്തന്റേയും കയ്യിൽ ഒരു നോവലിന് വേണ്ട കോപ്പുണ്ട്. സ്വന്തം ജീവിതം പകർത്തിയെഴുതിയാൽ മതി. രണ്ടാമതൊരു നോവൽ എഴുതണമെങ്കിൽ കൽപനാവൈഭവം വേണം'(പോൾ.എം.പി., 1998:165).

ഒരു ദേശത്തിൽ നിന്ന് സ്വാധീനമുൾക്കൊണ്ടതോ അതിനോട് സാമ്യമുള്ളതൊ അല്ല; ഒരു യഥാർത്ഥദേശവും അതിലുള്ള സമുദായവുമാണ് ഈ കൃതിയുടെ കഥാപശ്ചാത്തലം. കോഴിക്കോടിനെ സമ്പൂർണമായി ആവിഷ്കരിക്കുന്നതിൽ പരിമിതിയുണ്ടെങ്കിലും ആ കാലഘട്ടത്തിൽ അരങ്ങേറിയ പല സംഭവങ്ങളെയും സ്പർശിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്. മുസ്ലിം

സമുദായത്തിന്റെ ജീവിതം പ്രമേയമാക്കിയുള്ള നോവലുകളിൽ ഐതിഹാസികമാനമുള്ള ആദ്യ കൃതിയും ഏക കൃതിയുമാണ് '*സുൽത്താൻ വീട്*' എന്ന് കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച പതിപ്പിന്റെ അവതാരികയിൽ പ്രൊഫസർ എം.അച്യുതൻ നിരീക്ഷിക്കുന്നുണ്ട്. ഈ നോവലിൽ കോഴിക്കോട്ടെ മുസ്ലിങ്ങളുടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയജീവിതത്തിന്റെയും കോഴിക്കോട് ദേശത്തിന്റെ തന്നെയും കാൽ നൂറ്റാണ്ടിനടുത്തുള്ള ഒരു കാലഘട്ടത്തെ ആലേഖനം ചെയ്തിരിക്കുന്നു. നോവൽ ആരംഭിക്കുന്നത് 1928ൽ സൈമൺ കമ്മീഷൻ ഇന്ത്യയിലെത്തുന്ന കാലഘട്ടത്തിലാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിലെ തൊഴിലാളിസംഘടനകളുടെ തുടക്കക്കാലത്ത് അവസാനിക്കുകയും ചെയ്യുന്നു. കോഴിക്കോട് നഗരത്തിന്റെ തെക്കേ അറ്റത്തുള്ള കുറ്റിച്ചിറ എന്ന നഗരപ്രദേശം കേരളത്തിലെ ഏറ്റവും പ്രാചീനമായ മുസ്ലിം അധിവാസകേന്ദ്രങ്ങളിലൊന്നാണ്. കടൽത്തീരത്തിന്റെ തെക്കേ അറ്റത്തുള്ള സ്ഥലം എന്ന അർത്ഥത്തിൽ 'തെക്കേപ്പുറം' എന്ന പേരിൽ കൂടി ഈ പ്രദേശം അറിയപ്പെടുന്നു. സുൽത്താൻ വീടിന്റെ കഥ നടക്കുന്നത് ഇവിടെയാണ്. ഇതിവൃത്തം ഒരു തലത്തിൽ കുടുംബകഥയും മറ്റൊരു തലത്തിൽ ആ കുടുംബമുൾക്കൊള്ളുന്ന സമുദായത്തിന്റെ സാമൂഹിക ജീവിതത്തിലേക്ക് ആധുനികത കടന്നുവരുന്നതിന്റെ കഥയുമാണ്.

നോവൽ ആരംഭിക്കുന്നത് ഇങ്ങനെയാണ്. 'ഇത് സുൽത്താൻ വീടിന്റെ കഥയാണ്. അതിലെ നൂറിൽപ്പരം അംഗങ്ങളുടെ കഥ. ആ തറവാട്ടിന്റെ ഓരോ ചലനവും കുളത്തിൽ മാത്രമല്ല, കുളത്തിന് ചുറ്റുമുള്ള ലോകത്തിലും അലകൾ ഇളക്കി വിടുന്നു' (പുറം 17). ഈ പറയപ്പെട്ട കുളം കുറ്റിച്ചിറയെയും കുളത്തിന് ചുറ്റുമുള്ള ലോകം കോഴിക്കോട് നഗരത്തെയും സൂചിപ്പിക്കുന്നു. 'പടിപ്പുര' എന്ന് നാമകരണം ചെയ്ത ഒന്നാമദ്ധ്യായത്തിൽ പശ്ചാത്തലപരിചയമെന്ന പോലെ ദേശത്തെയും ദേശചരിത്രത്തെയും കോയമാരെയും അവതരിപ്പിക്കുന്നു. ഈ ദേശത്തിന്റെ വൈദേശികബന്ധങ്ങളുടെ ചെറുചരിത്രം സാമാന്യമായി നോവലിസ്റ്റ് പറഞ്ഞുവെക്കുന്നു. സമകാലത്തും നിലവിലുള്ള ഒരു സ്ഥലമെന്ന നിലയിൽ കോഴിക്കോടിലൂടെയുള്ള ഒരു 'ഹെറിറ്റേജ് വാക്' പ്രതീതിയാണ് പടിപ്പുര എന്ന ആമുഖഅദ്ധ്യായം നൽകുന്നത്. കോട്ടയില്ലാത്ത കോട്ടപ്പറമ്പ്, പട്ടാളമില്ലാത്ത പാളയം, പുഴയില്ലാത്ത പുഴവക്ക്, കുതിരകളില്ലാത്ത കുതിരവട്ടം, പട്ടിന്റെ പൊടിയില്ലാത്ത പട്ടുതെരുവ്,

കാലിച്ചാക്കല്ലാതെ മറ്റൊന്നും കാണാത്ത പുകയിലത്തെരുവ്, സാമൂതിരിയുടെ കാലത്ത് ബ്രാഹ്മണർ വേദം പഠിപ്പിച്ചിരുന്ന ശാലയുടെ പുറം അതായത് ചാലപ്പുറം തുടങ്ങിയ വിവരണങ്ങളിലൂടെ സ്ഥലനാമചരിത്രത്തിന്റെ സൂചനകൾ കൂടി ലഭിക്കുന്നുണ്ട്. സാമൂതിരിയുടെ സത്യസന്ധതയെ വാഴ്ത്തുന്ന സ്വർണം തിരികെ ഏല്പിക്കുന്ന കഥ, മിശ്കാൽ പള്ളി പോർച്ചുഗീസുകാർ കത്തിക്കുകയും സാമൂതിരി പുതുക്കിപ്പണിയുകയും ചെയ്ത കഥ, ഇടിയങ്ങര ശേഖിന്റെയും അപ്പവാണിഭത്തിന്റെയും കഥ എന്നിങ്ങനെ ദേശത്തിന്റെ ചിത്രീകരണം വികസിക്കുന്നുണ്ട്. ഇങ്ങനെ ദേശത്തിന്റെ ചരിത്രം, ഐതിഹ്യം, മിത്ത് എന്നിവയെക്കൂടി പരിഗണിച്ചുകൊണ്ടുള്ള ആഖ്യാനതന്ത്രമാണ് നോവലിസ്റ്റ് സ്വീകരിക്കുന്നത്.

**സമുദായനിർമ്മിതി**

ആചാരങ്ങൾ, മതം, മൂല്യങ്ങൾ, സ്വത്വം ആദിയായ ഒന്നോ അതിലധികമോ ഘടകങ്ങളിൽ സമാനതയുള്ള വ്യക്തികളുടെ കൂട്ടത്തെയാണ് സമുദായം എന്ന് വിളിക്കുന്നത്. പൊതുവായ ചില മൂല്യങ്ങൾ പങ്കുവെക്കുകയും, വളരെ അടുത്ത് താമസിച്ച് പരസ്പരം ബന്ധപ്പെടുകയും ചെയ്യുന്ന ഒരു സംഘത്തെയും സമുദായം(Community) എന്ന പദം കൊണ്ട് അർത്ഥമാക്കാറുണ്ട്. ഒരു കുടുംബത്തേക്കാൾ വലിയ സാമൂഹ്യഘടകമാണ് സമുദായം. അതിനൊരു നിശ്ചിത ഭൂമിശാസ്ത്രയിടം ഉണ്ടായിരിക്കുകയും, അംഗങ്ങൾ പരസ്പരാശ്രയത്വം പുലർത്തുന്നവരുമായിരിക്കും. ആ നിലക്ക് കോഴിക്കോട് നഗരത്തിന്റെ തീരപ്രദേശത്തിന്റെ തെക്കേപ്പുറമായ കുറ്റിച്ചിറയിൽ അധിവസിക്കുന്ന കോയമാർ ഒരു സമുദായമാണ്. കോയമാരെ നോവലിസ്റ്റ് പരിചയപ്പെടുത്തുന്നത് നോക്കുക. 'കോഴിക്കോടിനെ സംബന്ധിച്ചാവുമ്പോൾ, ഇവിടെ അറബിയും ഇറാനിയും തുർക്കിയുമെല്ലാം കച്ചവടത്തിന്ന് വന്നിരുന്നതാണ്. മസ്കത്ത്, ബഹ്റൈൻ, ഹദറമൗത്ത് ഇവിടങ്ങളിൽ നിന്നുള്ള കച്ചവടക്കാർ ഇവിടെ സ്ഥിരതാമസമാക്കിയവരിൽ പെടുന്നു. ഇവിടെ സ്ഥിരതാമസമാക്കിയ അറബികൾ ഉയർന്ന ജാതിയിൽ നിന്നു മതം മാറിയ പെണ്ണുങ്ങളെ വിവാഹം ചെയ്തിരിക്കണം. അവരുടെ സന്തതികളാവാം ആദ്യത്തെ കോയമാർ. ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകളുടെയും തങ്ങളുടെ വിദേശാധിപതികളുടേയും സന്താനങ്ങളും അവരുടെ വ്യാപാരത്തിന്റെ നടത്തിപ്പുകാരുമായ കോഴിക്കോട്ടെ മാപ്പിളമാരെ സാമൂതിരിമാർ 'ഖോജ' (ശ്രേഷ്ഠൻ) എന്ന പേർഷ്യൻ പേരിൽ

ബഹുമാനിച്ച് വിളിച്ചെങ്കിൽ അത്ഭുതപ്പെടേണ്ട. കാലത്തിന്റെ പ്രവാഹത്തിൽ ആ ‘ഖോജമാർ‘ പതുക്കെ ‘കോയമാർ’ ആയി മാറുന്നു. സാമൂതിരിയുടെ കയറ്റിറക്കുമതികളുടെ മുഴുവൻ ചുമതല വഹിച്ച ആളെ ‘ഷാഹ്ബന്ദർ കോയ’ - തുറമുഖാധിപനായ കോയ എന്ന സ്ഥാനപ്പേരിലാണ് സാമൂതിരി വിളിച്ചിരുന്നത്. മാപ്പിളമാർ എന്ന പൊതുനാമത്തിൽ കോയമാർ ഒരു പ്രത്യേക വിഭാഗമാണ്. ആചാരങ്ങളിലും സമ്പ്രദായങ്ങളിലും സവിശേഷതകളുള്ള വിഭാഗം. നായർ സമുദായത്തിന്റെ ആചാരങ്ങളോടാണ് കൂടുതൽ അടുപ്പം. കോയമാരുടെ സാമൂഹ്യാചാരങ്ങളും കുടുംബത്തിന്റെ ചട്ടക്കൂടും ഒരതിർവരെ വീടുകളുടെ ശില്പരൂപം പോലും നായർ സമുദായത്തിന്റേതു പോലെയായത് ഉമ്മയുമായുള്ള ബന്ധത്തിന്റെ ശക്തി കൊണ്ടാവാം’ (പുറം 30–31). കോയമാരിലെ പുരുഷൻമാരുടെ പേരിനോടൊപ്പം പൊതുവായി ‘കോയ’ എന്ന പേര്കൂടി ചേർത്ത് പ്രയോഗിക്കുന്നു. സ്ത്രീകളുടെ പേരിനോടൊപ്പം ഔദ്യോഗികമായി ഇത്തരമൊരു സ്ഥാനപ്പേര് ചേർക്കുന്നില്ലെങ്കിലും ‘ബീവി’ എന്ന് ബഹുമാനസൂചകത്തോടെ സംബോധന ചെയ്യുകയോ പരാമർശിക്കുകയോ ചെയ്യുന്നതായി കാണാം. കോയമാർക്ക് നായർ-നമ്പൂതിരി സമുദായങ്ങളോടുള്ള മുൻബന്ധത്തിന്റെ സ്വാധീനം ഇത്തരമൊരു സമ്പ്രദായം ഉടലെടുത്തതിന് പിന്നിലുണ്ടാകാം. ഇതിൽ നിന്നെല്ലാം ഉപരിവർഗമാപ്പിളമാർ അല്ലെങ്കിൽ വരേണ്യമുസ്ലിം എന്ന വിശേഷണം കോയമാർക്ക് നൽകാവുന്നതാണ്.

മരുമക്കത്തായ സമ്പ്രദായമാണ് കോയമാർക്കിടയിലുണ്ടായിരുന്നത്. പ്രത്യേകം ആചാരങ്ങളും ചടങ്ങുകളും മാമൂലുകളും അവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. ഭക്ഷണം, വസ്ത്രം, ആഭരണം, വാസസ്ഥലം, ആഘോഷങ്ങൾ എന്നിവയിലെ വൈവിധ്യവും വിപുലതയും ഈ സമുദായത്തിന്റെ സംസ്കാരത്തെക്കുറിച്ചുള്ള സൂചനകൾ കൂടി നൽകുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരങ്ങൾ സംസ്കാരത്തിന്റെ ഈ ചിഹ്നങ്ങൾ കാണിക്കുന്നുണ്ട്. ചരിത്രത്തിലെ ബഹുഭൂരിപക്ഷവും ഭരിച്ചവരെക്കുറിച്ചുള്ളതാണ്. ഭരിക്കപ്പെട്ടവരുടേത് പലപ്പോഴും കാണുന്നില്ല. ഭരിക്കപ്പെട്ടവർ എന്ന ഭൂരിപക്ഷത്തെ ന്യൂനപക്ഷം കവച്ചു വെക്കുന്നത് ധനം, മതം, ജാതി, ഉന്നതകുലം, പാരമ്പര്യം, അധികാരം എന്നിവ കൊണ്ടാണ്. ഈ നോവലിലും കോയമാർ എന്ന ഉന്നതകുലജാതരെ കവിഞ്ഞു സാധാരണമുസ്ലിങ്ങളുടെ ജീവിതത്തെ ചെറിയ രീതിയിൽ പോലും

പരാമർശിക്കുവാൻ നോവലിസ്റ്റ് തുനിയുന്നില്ല. അധികാരസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള ഇടങ്ങളാണ് ചരിത്രത്തിൽ കൂടുതലായുള്ളത് എന്നതിനെ ഇത് സാധൂകരിക്കുന്നുണ്ട്. അധികാരത്തിന്റെ മേലങ്കിയില്ലാത്ത ഒട്ടേറെ പ്രദേശങ്ങളും സമൂഹവും ചരിത്രത്തിൽ ഇടം നേടാതെ പോയിട്ടുണ്ടാവുക അവർക്ക് യാതൊരു ചരിത്രവുമില്ലാതെ ആയിരിക്കില്ലല്ലോ.

**ആധുനികതയും സാമുദായികപരിഷ്കരണവും**

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ യൂറോപ്യൻ സാഹിത്യത്തിൽ ഉടലെടുത്ത ഒരു പ്രവണതയാണ് ആധുനികത (Modernism). ഇത് ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും സ്വാധീനം ചെലുത്തി. വ്യവസായവിപ്ലവവും അതിന്റെ ഫലമായി രൂപപ്പെട്ടുവന്ന പുതിയ ജീവിതരീതികളും നവീനആശയങ്ങളും ആധുനികതാസിദ്ധാന്തങ്ങൾക്ക് വഴിയൊരുക്കി. രവീന്ദ്രൻ പി. പി. ആധുനികതയെ ഇങ്ങനെ നിരീക്ഷിക്കുന്നു. 'പാരമ്പര്യത്തിൽനിന്നു വേറിട്ടു നിൽക്കുന്ന പുതിയ ചില മൂല്യങ്ങളും ബന്ധങ്ങളുമാണ് ആധുനികതയ്ക്ക് അടിസ്ഥാനമായി വർത്തിക്കുന്നത്. നാഗരികചിന്ത, മതേതരബോധം, വ്യവസായസംസ്കാരം, ശാസ്ത്രീയാവബോധം, സാർവദേശീയ വീക്ഷണം എന്നിവ ഇതിൽപ്പെടും. ബന്ധങ്ങളുടെ പുനർക്രമീകരണത്തിലൂടെ വളർന്നുവന്ന പുതിയ മൂല്യവ്യവസ്ഥയും സാമൂഹികകാലാവസ്ഥയും ലോകബോധവും ചേർന്നാണ് ആധുനികതയെ സൃഷ്ടിച്ചത് എന്നത് അതിനു കൊടുക്കാവുന്ന ഏറ്റവും ലളിതമായ നിർവചനമായിരിക്കും'(രവീന്ദ്രൻ പി.പി, 2017:25). മലയാളത്തിൽ നവോത്ഥാനാനന്തര രചനകളെയാണ് കാലഗണനാപരമായി പൊതുവെ ആധുനികസാഹിത്യം എന്ന് വിവക്ഷിക്കുന്നത്.

സാമുദായിക-സാമൂഹികപരിഷ്കരണത്തിന്റെ ഭാഗമായി ധാരാളം സാഹിത്യരൂപങ്ങൾ എല്ലാ ഭാഷയിലുമുണ്ടായിട്ടുണ്ട്. മലയാളത്തിൽ *അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്* ഈ ഗണത്തിൽ പ്രസിദ്ധമാണ്. കേരളത്തിൽ ഒറ്റയൊറ്റയായി നടന്ന സാമുദായിക പരിഷ്കരണശ്രമങ്ങളെല്ലാം തന്നെ പൊതുവായ നവോത്ഥാനപ്രക്രിയയുടെ ഭാഗമാണ്. നമ്പൂതിരി, നായർ, മുസ്ലിം, ക്രിസ്ത്യൻ, ദളിത് അങ്ങനെ ഒട്ടുമിക്ക ജാതിമത വിഭാഗങ്ങളുടെ പരിഷ്കരണത്തിനും അതുപോലെ രാഷ്ട്രീയ

ഉദ്ബോധനലക്ഷ്യത്തിനും സാഹിത്യസർഗാത്മകരൂപങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ കൃതിയും അത്തരമൊരു ലക്ഷ്യം ഉൾക്കൊള്ളുന്നുണ്ട്.

ആധുനികപ്രസ്ഥാനത്തിന്റെ വളർച്ചക്കാവശ്യമായ ഘടകങ്ങൾ ആദ്യം രൂപപ്പെട്ടത് നഗരങ്ങളിലാണ്. ഈ ഘടകങ്ങളിൽ ഉൾപ്പെടുന്ന തിയേറ്റർ, തൊഴിൽശാലകൾ, ഫാക്ടറികൾ, കോടതി, കലാസാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ *'സുൽത്താൻ വീട്ടി'*ലും കാണുന്നുണ്ട്. നായകന്റെ വികാരക്ഷോഭങ്ങളിലൂടെ അനാവൃതമാകുന്ന ആധുനികമലയാളനോവലുകളുടെ പതിവ് ആഖ്യാനമാതൃക തന്നെയാണ് പി.എ. *സുൽത്താൻ വീട്ടിലും* അനുവർത്തിക്കുന്നത്. ഒരു ദേശത്തെ ഒരു പ്രത്യേക സമുദായത്തിന്റെ കഥയായതിനാൽ ആ തരത്തിലുള്ള ആധുനികതയുടെ സ്വാധീനങ്ങളാണ് കൂടുതൽ കാണാനാവുക. പുരോഗമനവുമായി ബന്ധപ്പെട്ട ആശയങ്ങളും സംഭവങ്ങളും ഒരേ കാലത്ത് തന്നെ ദേശങ്ങൾക്കും സമൂഹത്തിനും സമുദായങ്ങൾക്കും അനുസരിച്ച് വ്യത്യാസപ്പെടുന്നുണ്ടല്ലോ. രാഷ്ട്രീയ-മതരംഗങ്ങളിലുണ്ടായ പുതിയ കാഴ്ച്ചപ്പാടുകളാണ് ഈ സമുദായത്തിന്റെ പരിവർത്തനത്തിന് ആക്കം കൂട്ടുന്നത്. ഇതിനോടൊപ്പം തന്നെയാണ് മുതലാളിത്തത്തിന്റെ വളർച്ചക്കുള്ള സ്ഥാനവും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മുതലാളിത്തത്തിനുണ്ടായ വളർച്ച കോഴിക്കോട് ദേശത്തെ ആധുനികസ്വഭാവമുള്ള നഗരമായി പരിവർത്തിപ്പിച്ചതിന്റെ അടയാളങ്ങൾ നോവലിലുണ്ട്. വൈദേശിക ഉത്പന്നങ്ങൾ, മാനകഭാഷയുടെ പ്രയോഗം എന്നിവ ഇതിന് ഉദാഹരണമാണ്. മുതലാളിത്തം സമൂഹത്തിന്റെ സാമ്പത്തികഘടനയിൽ വലിയ മാറ്റമുണ്ടാക്കി. ജീവിതനിലവാരമുയർന്നപ്പോൾ അതിനനുസൃതമായ പരിഷ്കരണങ്ങളും സ്വാതന്ത്ര്യവും സ്വാഭാവികമായും അവരിലുണ്ടായി.

ഉമ്മർകോയ എന്ന കേന്ദ്രകഥാപാത്രത്തിൽ ആധുനികതയുടെ സ്വാധീനം വന്നുതുടങ്ങുന്നത് വായനയിലൂടെയാണ്. വിറയലോടെ അയാൾ ആദ്യമായി പത്രം വായിക്കുന്ന രംഗം നോവലിലുണ്ട്. അച്ചടിയും പത്രമാധ്യമങ്ങളും വ്യവസായ വിപ്ലവവും ആധുനികതയുടെ വേഗത വർധിപ്പിച്ച ഘടകങ്ങളാണ്. 'മുതലാളിത്തം നശിക്കട്ടെ'. 'ജന്മിത്വം നശിക്കട്ടെ' എന്ന മുദ്രാവാക്യമുയർത്തുന്ന കമ്പനി ജോലിക്കാരും ആ കാലഘട്ടം ആധുനികമാകുന്നതിനെ ആവിഷ്കരിക്കുന്നുണ്ട്.

ISSN:2582-550X

സോഷ്യലിസത്തിൽ നിന്ന് ഉരുത്തിരിഞ്ഞ സംഘടിതബോധമാണ് അവരുടെ ശക്തി. 'ജന്മിത്വം നശിക്കട്ടെ' എന്ന് കേൾക്കുമ്പോൾ 'അപ്പം ജന്മിത്വം നശിക്കട്ടേന്ന് ബെച്ചാ ഞമ്മളൊക്കെ ഇല്ലാതാവട്ടേന്നാ?' (പുറം 495) എന്ന് തറവാട്ടിലെ ചെറിയ കാരണവർ അസ്സൻകോയ വേവലാതിപ്പെടുന്നുണ്ട്. ജന്മിത്വവിരുദ്ധനയങ്ങൾക്കെതിരെ ഇത്തരത്തിൽ പ്രതികരിക്കുന്ന സവർണകഥാപാത്രങ്ങൾ മലയാളനോവലിന് പരിചിതമാണ്. എന്നാൽ ഈ പ്രക്രിയയിൽ ജന്മിത്വം അവസാനിക്കുകയും മുതലാളിത്തം തുടരുകയുമാണ് ചെയ്തത്. കാരണം. ആധുനികതയും നവോത്ഥാനവും മുതലാളിത്തത്തിനൊപ്പം വ്യാപിച്ച സാമൂഹ്യപ്രക്രിയയാണ്. ഇവിടെ മുതലാളിയായി മാറുന്നുവെങ്കിലും ഉമ്മർകോയയിൽ സോഷ്യലിസ്റ്റ് മനോഭാവം ശക്തിപ്പെടുന്നുണ്ട്. നോവൽ അവസാനിക്കുന്നത് അത് വ്യക്തമായും കൃത്യമായും പ്രകടിപ്പിച്ചു കൊണ്ടാണ്. തൊഴിലാളികൾക്ക് അർഹിക്കുന്നത് നൽകണമെന്ന് അയാൾ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കാനൊരുങ്ങുകയും ചെയ്യുന്നിടത്ത് കൂടിയാണ് നോവൽ അവസാനിക്കുന്നത്. സമരം ചെയ്തും പ്രതിഷേധിച്ചും അവർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനെ അയാൾ അനുകൂലിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഈ നോവലിലെ ആധുനികമനുഷ്യൻ ഉമ്മർകോയയാകുന്നത് ഇത് കൊണ്ടൊക്കെത്തന്നെയാണ്. ഒരു മുതലാളിയായില്ലായിരുന്നുവെങ്കിൽ തീർച്ചയായും അയാൾ ഒരു തൊഴിലാളിനേതാവാകുമായിരുന്നു. മുതലാളിവർഗത്തിൽ ഇത്തരക്കാർ ന്യൂനപക്ഷമാണ്. ഈ വഴിയിലേക്ക് മുതലാളിവർഗത്തെ നോവലിസ്റ്റ് ബോധപൂർവ്വം ക്ഷണിക്കുകയാണ്.

എത്ര തുടച്ചാലും ഇരുൾ മാറ്റാത്ത പാനൂസ് വിളക്കുകൾക്ക് പകരം വൈദ്യുതി വിളക്കുകൾ, വിരളമായിരുന്ന ടെലിഫോൺ, കാറുകൾ എന്നിവയുടെ വ്യാപനം ഇവ ആധുനികതയുടെ സാമൂഹികാടയാളങ്ങളാണ്. സാരി, വിമാനം, റേഡിയോ, ഇലക്ട്രിക് വിളക്ക്, വീട്, ഡ്രോയിംഗ് റൂം, ബെഡ്റൂം, കിച്ചൻ, ബാത്റൂം, ബുൾഡോസർ എന്നിവയും ഇവിടെ ആധുനികതയുടെ സൂചകപദങ്ങളാണ്. ജണ്ട് (ഞണ്ട്). കയ്യൂല (കഴിയില്ല), ഹെന്റെ (എന്റെ) എന്നിങ്ങനെയെല്ലാം ഭാഷ പ്രയോഗിച്ചിരുന്ന ഉമ്മർകോയയുടെ മാപ്പിളവാമൊഴിയും മാനകീകരിക്കപ്പെടുന്നുണ്ട്. ഇതും ആധുനികതയുടെ ഫലമായാണ്. ഇന്ദുലേഖയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ ഇവിടെ

കോയമുസ്ലിങ്ങളുടെ ആധുനികത ഭാഷയെ മാനകീകരിച്ചു തുടങ്ങുകയാണ്. ജനതയുടെ തനത് ഭാഷാഭേദങ്ങളെ ചെറുതായിക്കാണുകയല്ല. മറിച്ച്, വിദ്യാഭ്യാസത്തിൽ നിന്ന് എത്ര ദൂരെയായിരുന്നു മുസ്ലിം സമുദായം എന്നതിലേക്കുള്ള നോട്ടമാണിത്.

കോയമാരുടെയും കോഴിക്കോട് ദേശത്തിന്റെയും പ്രധാന സർഗാത്മകവ്യവഹാരമാണ് പാട്ട്. നോവലിനകത്ത് സുൽത്താൻ വീട്ടിലെ ജോലിക്കാരിയായ ആയിസുമ്മയോട് സബീനപ്പാട്ട് പാടാൻ കുട്ടികൾ നിർബന്ധിക്കുന്ന രംഗമുണ്ട്. കാത്കുത്ത് കല്യാണം, മാർക്കകല്യാണം, മൈലാഞ്ചികല്യാണം, ആദ്യരാത്രി എന്നിങ്ങനെ ഏത് ആഘോഷച്ചടങ്ങിലും അവർക്കിടയിൽ പാട്ടുണ്ടായിരുന്നു. പാട്ടു പാടാനായി പ്രത്യേകം കളിക്കാരത്തി സംഘങ്ങൾ തന്നെയുണ്ടായിരുന്നു. ഒപ്പനയുടെ ആദ്യരൂപമുണ്ടാകുന്നത് കുറ്റിച്ചിറയിലാണെന്നത് അതിന്റെ ഉത്ഭവചരിത്രം പറയുന്നു. മുഹയുദ്ധീൻ മാല പോലുള്ളവയുടെ ആരാധനാപരമായ ആലാപനവും അവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. നോവലിന്റെ ഒരു ഘട്ടത്തിൽ നവീനവിശ്വാസപ്രമാണങ്ങൾ ഇതിനെ ചോദ്യം ചെയ്യപ്പെടുന്നുമുണ്ട്. കളിക്കാനും കളിയാക്കാനും പാട്ടുള്ള ദേശമായി നോവലിൽ ഈ നാട് അടയാളപ്പെടുന്നുണ്ട്. രാഷ്ട്രീയവും മതപരവുമായ ആശയങ്ങളെ ഇകഴ്ത്താനും പുകഴ്ത്താനും പാട്ടുണ്ടായിരുന്നു. ഗ്രാമഫോണുകളുടെ വരവോടെ അതിലും പാട്ട് വെക്കാൻ തുടങ്ങുന്നുണ്ട്. ഗ്രാമഫോണിന്റെ പ്രചാരവും ആധുനികതയുടെ ഭാഗമായി എണ്ണാവുന്നതാണ്.

**നായകകഥാപാത്രവും പരിവർത്തനമാതൃകയും**

നായകനായ ഉമ്മർകോയയുടെ എട്ട് വയസ്സ് മുതൽക്കുള്ള ജീവിതകഥയാണ് നോവലിൽ അവതരിപ്പിക്കുന്നത്. ഉമ്മർകോയ എന്ന വ്യക്തിയുടെ ജീവിതത്തിൽ കുടുംബം (തറവാട്), സമൂഹം (സമുദായം), ദേശം എന്നിവ നടത്തുന്ന ഇടപെടലുകളിലൂടെയാണ് നോവൽ വികസിക്കുന്നത്. ചെറുപ്രായത്തിൽ തന്നെ ഉപ്പയും ഉമ്മയും മരിച്ചുപോയ യത്തീം കുട്ടികളാണ് (അനാഥർ) ഉമ്മർകോയയും സഹോദരി തിത്തീബിയും. ഉമ്മയുടെ സഹോദരി പാത്തുമ്മേയിയാണ് പിന്നീട് അവരുടെ രക്ഷാധികാരിയാകുന്നത്. തറവാട്ടിലെ ഒരു പാഹ(ഭാഗം,കുടുംബം)ത്തിൽ നിന്നും കാണാതായ ആഭരണം മോഷ്ടിച്ചത് താനാണെന്ന ആരോപണത്തിന്റെ ഭാരം പേറിയാണ് ഉമ്മർ കോയ ജീവിക്കുന്നത്. ഈ ആരോപണത്തിന്റെ

പേരിൽ അനുഭവിക്കുന്ന മനോവ്യഥ അതിശക്തമായാണ് അയാളെ നോവലിലുടനീളം പിന്തുടരുന്നത്. അയാൾ അനുഭവിച്ച അപമാനവും അവഗണനകളുമാണ് അയാൾക്ക് സിസ്റ്റത്തെയും അധികാരഘടനയെയും എതിർക്കാനുള്ള ഊർജം നൽകുന്നത്.

മരുമക്കത്തായ തറവാടുകളിൽ വളരുന്ന കുട്ടികൾക്ക് പിതാവിന്റെ സാന്നിധ്യം ഏറെക്കുറെ അന്യമാണ്. ഇവിടെ നായകൻ അനാഥൻ കൂടിയാണ്. ഉമ്മർകോയയുടെ രക്ഷകർതൃസ്ഥാനം സാമൂഹ്യപ്രവർത്തകനായ മൊയ്തീൻ മാസ്റ്ററും അലക്കുതൊഴിലാളിയായ വേലുവും ഏറ്റെടുക്കുന്നുണ്ട്. ആധുനിക വിദ്യാഭ്യാസത്തിന്റെ വായന- എഴുത്ത് വ്യവഹാരങ്ങളിലേക്ക് അവനെ നയിക്കുന്നത് ഇവർ രണ്ടുപേരുമാണ്. അനാഥനും തറവാട്ടിൽ വിലയില്ലാത്തവനുമായ കുട്ടിയിൽ നിന്ന് പടിപടിയായി അയാൾ ഉയരുന്നത് നോവലിസ്റ്റ് കാണിക്കുന്നു. അലക്കുകമ്പനിയിൽ നിന്ന് തുടങ്ങുന്ന തൊഴിൽ ജീവിതം മരക്കച്ചവടത്തിലെ മുതലാളിസ്ഥാനത്തെത്തി നിൽക്കുന്നു. കള്ളനെന്ന് വിളിച്ച ഒരുത്തൻ അവർക്കിടയിലേക്ക് അന്തസോടെ കാറിൽ വന്നിറങ്ങുന്നു. അയാൾ പ്രമാണിയാകുന്നു. സമ്പത്താണ് തറവാട്ടിൽ അയാളെ ബഹുമാന്യനാക്കുന്നത്. അയാളുടെ പരിഷ്കരണശ്രമങ്ങളോട് സമരസപ്പെടാൻ ഇതരകുടുംബാംഗങ്ങളെ പ്രേരിപ്പിക്കുന്നതിനും ഈ സാമ്പത്തികാഭിവൃദ്ധി കാരണമായിട്ടുണ്ട്.

ഈ കഥ നടക്കുന്ന 1920 മുതലുള്ള കാലഘട്ടത്തിന്റെ പ്രധാനസവിശേഷത മലബാർ സമരത്തിന്റെ കാലമാണെന്നതാണ്. വിശാലമായി പറഞ്ഞാൽ മാപ്പിളമുസ്ലിങ്ങൾ സംഘടിച്ചു തുടങ്ങുന്ന കാലഘട്ടം കൂടിയാണിത്. അതായത്, പരിവർത്തനബോധ്യങ്ങൾ അവരിലെ ന്യൂനപക്ഷത്തിനെങ്കിലും വന്നുതുടങ്ങിയ കാലം. ആധുനികതയുടെ മുഖമുദ്രയായ പാരമ്പര്യനിഷേധത്തിന്റെ വഴിയാണ് നോവലിസ്റ്റ് ഉമ്മർകോയയെ ആധുനികനാക്കുന്നതിൽ സ്വീകരിക്കുന്ന പ്രധാനമാർഗം. പാരമ്പര്യത്തിന്റെ കെട്ടുപാടുകളെയും മാമൂലുകളെയും ആചാരങ്ങളെയും പരസ്യമായി എതിർത്തുകൊണ്ടാണ് അയാൾ ആധുനികതയെ പുൽകുന്നത്. ഒരുപാട് ആളുകൾക്കിടയിൽ നിന്ന് അനുഭവിച്ച ഏകാന്തതയിൽ നിന്ന് അയാൾ സ്വാതന്ത്ര്യം തേടിപ്പോവുന്നത് സ്വന്തമായ ഒരു വീട് എന്നതിലേക്കാണ്. തനിക്ക് 'പാഹ'ങ്ങൾ തിരിക്കാത്ത കാറ്റും വെളിച്ചവുമുള്ള, ഒരേ കൂരക്ക് കീഴിൽ ഒരു കൂട്ടർ നെയ്ച്ചോറും ബിരിയാണിയും തിന്നുമ്പോൾ മറ്റൊരു കൂട്ടർ കഞ്ഞിയും പുഴുക്കും തിന്നേണ്ടി വരാത്ത വീട് മതിയെന്ന് അയാൾ പ്രഖ്യാപിക്കുന്നു.

പണമുള്ളവർ വീട് മാറിപ്പോയാൽ തറവാടിന്റെ അന്തസ്സ് നശിക്കുമെന്ന് വലിയ കാരണവർ വ്യാകുലപ്പെടുന്നുണ്ട്. പാരമ്പര്യം എന്നതിനേക്കാൾ ശക്തി ധനത്തിനാണെന്ന തെളിഞ്ഞ സൂചനയാണിത്. അപ്പോൾ മാറ്റിനിർത്തിയവനെ കൂടെ നിർത്താതെ തരമില്ലല്ലോ.

വിദ്യാഭ്യാസവും സാക്ഷരതയും, മതസൗഹാർദ്ദം, സാംസ് കാരികസമന്വയം, സാമൂഹികസമത്വം, ലിംഗനീതി, ശുചിത്വം തുടങ്ങിയവ കേരളത്തിലെ നവോത്ഥാന അജണ്ടകളിൽ പ്രധാനപ്പെട്ടതായിരുന്നു. ഇവയെല്ലാം പ്രാവർത്തികമാക്കാൻ ഉമ്മർകോയ ബോധപൂർവ്വം തയ്യാറാകുന്നുണ്ട്. എന്നും കുളിക്കുന്നതിന്റെ പേരിൽ ഉമ്മർകോയ പരിഹസിക്കപ്പെടുന്നുണ്ട്. മറ്റുള്ളവർ ആഴ്ച്ചയിൽ ഒന്നോ രണ്ടോ തവണ കുളിക്കുന്നതിനെ അയാൾ വിമർശിക്കുന്നുമുണ്ട്. കാഫിറെന്നും പാരമ്പര്യമില്ലാത്തവരെന്നും പറഞ്ഞു മാറ്റിനിർത്തിയവരെ ചേർത്ത് നിർത്താനും ഉമ്മർകോയക്കാകുന്നുണ്ട്.

നായകകഥാപാത്രമായ ഉമ്മർകോയയിൽ കാണുന്ന ആധുനികതയുടെ സവിശേഷതകളിലൊന്നാണ് അസ്തിത്വാന്വേഷണം. ഇതിൽ ഓരോരുത്തരും അവരവരിലേക്ക് തിരിഞ്ഞുകൊണ്ട് അവനവനെ കുറിച്ച് (സ്വത്വത്തെക്കുറിച്ച്) കൂടുതൽ അറിയാൻ ശ്രമിക്കുന്നു. മനുഷ്യന് ദൈവത്തോടും സഹജീവികളോടുമുള്ള കടപ്പാട്, ജീവിതകാലത്ത് അവന് അനുഭവിക്കേണ്ടി വന്ന സുകൃതങ്ങൾ, ദുരിതങ്ങൾ, വേദനകൾ, സുഖദുഃഖങ്ങൾ എന്നിവയെല്ലാം ഈ സിദ്ധാന്തത്തിന്റെ പരിധിയിൽ വരുന്നു. തന്നെക്കുറിച്ച് തന്നെ ചിന്തിച്ചു താൻ എന്താണെന്ന് സ്വയം തിരിച്ചറിയുന്ന ഉമ്മർകോയയെ പിന്നീടങ്ങോട്ട് നയിക്കുന്നതും ജയിപ്പിക്കുന്നതും അസ്തിത്വാന്വേഷണത്തിൽ വിജയിച്ചത് കൊണ്ടാണ്. കള്ളൻ എന്ന നുണപ്രചരണം അവന്റെ ദുരിതവും ദാരിദ്ര്യവും, അനാഥത്വം അവന്റെ ദുഃഖവുമായിരുന്നു. വളർത്തമ്മ പാത്തുമ്മേയി അവന്റെ സുകൃതവും, അധ്വാനവും അറിവും അവന്റെ സുഖങ്ങളുമായിരുന്നു. കൂടെ നിന്ന മൊയ്തീൻ മാസ്റ്റർ, വേലു, ഉസ്സൻകോയ എന്നിവരോടുള്ള കടപ്പാട് അവനെപ്പോഴും സ്മരിക്കുന്നുണ്ട്.

സവർണപാരമ്പര്യം അവകാശപ്പെടുന്ന കോയമാർ മീൻവിൽപ്പനയും അലക്കുജോലിയുമെല്ലാം തറവാടികൾക്ക് ചേർന്നതല്ലെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ

സാമ്പത്തികസ്വാതന്ത്ര്യത്തിനായി ദാഹിക്കുന്ന ഉമ്മർകോയ തറവാടിത്തത്തെ സാരമാക്കാതെ അമുസ്ലിമായ ഒരാളുടെ അലക്കുകമ്പനിയിൽ ജോലിക്ക് ചേരുന്നു. പത്രം വിൽക്കാനും മീൻ പെറുക്കാൻ പോകാനുമെല്ലാം അവൻ ചെറുപ്രായത്തിലേ ആഗ്രഹിച്ചിരുന്നു. സാമ്പത്തികാധികാരം നേടുന്നതോടെ മത-സമുദായ പരിഷ്കരണവും അതിനൊപ്പം വന്നുകൊള്ളുമെന്ന് അയാൾ വിശ്വസിക്കുന്നു. ഉമ്മർകോയ ആധുനികനാവുമ്പോൾ അവന്റെ അകവും പുറവും നവീകരിക്കപ്പെടുന്നുണ്ട്. അവൻ മുടി വളർത്തുന്നു; തുർക്കിത്തൊപ്പി വെക്കുന്നു; രാഷ്ട്രീയ തൊഴിലാളി യോഗങ്ങളിൽ പങ്കെടുക്കുന്നു; കാരണവരെയും കുടുംബത്തിന്റെ അധികാരവ്യവസ്ഥയെയും എതിർക്കുന്നു; ആചാരങ്ങളും മാമൂലുകളും നിരസിച്ചു പെങ്ങൾ തിത്തീബിയുടെയും തന്റെയും വിവാഹവും അനുബന്ധചടങ്ങുകളും നടത്തുന്നു; ഭാര്യ ഹലീമയെ സാരി ഉടുപ്പിക്കുകയും കാത് നിറയെയുള്ള ചിറ്റുകൾക്ക് പകരം ഒറ്റക്കമ്മലിടിക്കുകയും ചെയ്യുന്നു; പാരമ്പര്യം വിളംബരം ചെയ്യുന്ന സുൽത്താൻ വീട്ടിൽ നിന്ന് സഹോദരിയെ മാറ്റിപ്പാർപ്പിക്കുന്നു; കാറ്റും വെളിച്ചവുമുള്ള ആധുനികരീതിയിലുള്ള വീട് നിർമ്മിക്കുന്നു. അവന്റെ പുറം നവീകരിക്കപ്പെട്ടത് ഇപ്രകാരമെല്ലാമായിരുന്നു. എന്നാൽ, അവന്റെ അകത്ത് ആധുനികത വരുന്നത് മതപരിഷ്കരണത്തോടൊപ്പമാണ്. പാരമ്പര്യവിശ്വാസ സംഹിതകളെ അയാൾ നിരാകരിക്കുന്നു. മുഹയുദ്ധീൻ മാല വിശ്വാസത്തിന്റെ ഭാഗമായി ആലാപനം ചെയ്യുന്നതിനെയും മൗലൂദുകൾ നടത്തുന്നതിനെയും അയാൾ എതിർക്കുന്നു. മരണാനന്തരം നടത്തി വന്നിരുന്ന ചടങ്ങുകൾ നിരസിക്കുന്നു. തനിക്ക് ഏറ്റവും പ്രിയപ്പെട്ട എളാമ്മ മരണപ്പെടുമ്പോൾ അയാൾ യാതൊരു ചടങ്ങുകളും നടത്താൻ മുതിരുന്നില്ല. വിഷമമുണ്ടെങ്കിലും പിറ്റേന്ന് തന്നെ ജോലിക്ക് പോവാനാണ് അയാൾ കരുതിയിരുന്നത്. സഹോദരിയെ ഓർത്താണ് അയാൾ അവധിയെടുക്കുന്നത്. ഉമ്മർകോയയിലെ പൂർണ്ണനായ ആധുനികമനുഷ്യനെയാണ് ഈ സന്ദർഭത്തിൽ കാണാനാവുന്നത്. ദേശീയപ്രസ്ഥാനത്തിന്റെയും പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും ഭാഗമായി പ്രവർത്തിക്കുമ്പോഴും വ്യവസായവല്കരണത്തിന്റെ വളർച്ചയെയും അതിന്റെ സൈദ്ധാന്തികയുക്തികളെയും അത്ഭുതത്തോടെ വീക്ഷിക്കുന്ന ഒരു കൊളോണിയൽ ആരാധകന്റെ ഭാവം കൂടി നോവലിസ്റ്റ് ഉമ്മർകോയക്ക് നൽകുന്നുണ്ട്. അയാളുടെ ഉള്ളിൽ എവിടെയൊക്കെയോ ബാക്കിയാകുന്ന വരേണ്യബോധമാണ്

ഇതിലൂടെ ദൃശ്യമാകുന്നത്.

കോയമാർക്കിടയിലെ സവർണപാരമ്പര്യത്തിന്റെ വഴികളിലൂടെയല്ല ഉമ്മർകോയയുടെ സഞ്ചാരം. ഈ കഥാപാത്രം അനാഥനാണ്, അപമാനിക്കപ്പെട്ടവനാണ് എന്നതുകൂടി പരിഗണിച്ചാൽ അയാളിലൊരു സാധാരണത്വം കൂടിയുണ്ട്. തന്നെ അപഹസിച്ചവരോട് പൊരുതി ജയിച്ച് മറുപടി നൽകുന്ന സാധാരണ മനുഷ്യന്റെ പ്രതിനിധിയായും ഉമ്മർകോയയെ കരുതാവുന്നതാണ്.

ആധുനികതയുടെ ഫലമായി ഉമ്മർകോയ എന്ന വ്യക്തി നവീകരിക്കപ്പെടുന്നുണ്ട്. തറവാട്ടിലെ എല്ലാവർക്കും സമുദായികപരിഷ്കരണം സാധ്യമായതായി അവതരിപ്പിക്കുന്നില്ല. എന്നാൽ ഉമ്മർകോയയിലൂടെ കാലഘട്ടത്തിനനുസൃതമായ സാമുദായികപരിഷ്കരണത്തിന്റെ സമഗ്രതലം കാണിക്കുവാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. സാമൂഹിക സമുദായികപരിവർത്തനത്തിന് ഉമ്മർകോയയിലൂടെ മറ്റുള്ളവർക്ക് ഒരു മാതൃക സൃഷ്ടിക്കാനുള്ള ശ്രമമാണ് നോവലിസ്റ്റിൽ നിന്നുണ്ടാകുന്നത്.

**കൂട്ടുകുടുംബം–കുടുംബം**

തറവാടുകളും അതിലെ ജീവിതക്രമമായിരുന്ന കൂട്ടുകുടുംബവ്യവസ്ഥയും ആധുനികമലയാള നോവലുകളിൽ പ്രധാനസാന്നിധ്യമായിരുന്നു. കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബവ്യവസ്ഥയിലേക്കുള്ള പരിണാമമെന്നത് കോയമാരുടെ സാമുദായികപരിഷ്കരണത്തെ ആവിഷ്കരിക്കാൻ നോവലിസ്റ്റ് പ്രയോഗിക്കുന്ന പ്രധാനപ്പെട്ട ടൂളാണ്. അസ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനമില്ലാത്ത മാമൂലുകളുടെയും ഇടമായാണ് കൂട്ടുകുടുംബവ്യവസ്ഥയെ ആധുനികസമൂഹം കണ്ടിരുന്നത്. വലിയ തറവാടുകളും ഭവനങ്ങളും തകർന്നുടയുന്ന കഥകൾക്ക് അക്കാലത്ത് പ്രിയമേറിയിരുന്നു. അത്കൊണ്ട്തന്നെയാണ് സിസ്റ്റത്തെ തകർക്കുന്ന ഉമ്മർകോയയുടെ ഒരോ ചെയ്തികളും വായനക്കാരിൽ ആനന്ദമുണ്ടാക്കുന്നത്. കേരളത്തിലെ കുടുംബവ്യവസ്ഥയിൽ നിർണായകസ്വാധീനം ചെലുത്തിയ സാമ്പത്തികസ്വാതന്ത്ര്യവും പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വ്യാപനവും സാമൂഹികസാംസ് കാരിക പരിവർത്തനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. മാമൂൽപ്രിയത്വവും യാഥാസ്ഥിതിക പിടിവാശികളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമൊക്കെ നടമാടിയിരുന്ന നാട്ടിൽ അറിവിന്റെയും മനുഷ്യത്വത്തിന്റെയും പുതിയ പാഠങ്ങൾ മിഷനറിപ്രവർത്തകർ

പകർന്നു. മരുമക്കത്തായത്തിന്റെയും കൂട്ടുകൂടുംബവ്യവസ്ഥയുടെയും തകർച്ച നായർ കുടുംബഘടനയെ അടിസ്ഥാനമാക്കിയാണ് പഠനങ്ങളിൽ പൊതുവെ വിലയിരുത്താറുള്ളത്. എന്നാൽ മുസ്ലീങ്ങൾക്കിടയിലും ഇങ്ങനെയൊരു പരിവർത്തനം നടന്നിട്ടുണ്ടെന്ന് *'സുൽത്താൻവീട്'* എന്ന നോവൽ സാക്ഷ്യപ്പെടുത്തുന്നു.

'*സുൽത്താൻവീട്* കുറ്റിച്ചിറയുടെ ഇതിഹാസം' എന്ന ലേഖനത്തിൽ ജമീൽ അഹമ്മദിന്റെ ഒരു നിരീക്ഷണം ഇപ്രകാരമാണ്. 'കോഴിക്കോടിന്റെ ചരിത്രത്തെയും ജനകീയ സംസ്കൃതിയെയും പശ്ചാത്തലമാക്കി എഴുതപ്പെട്ട നോവലുകളുമായല്ല സുൽത്താൻവീടിന് നേരിട്ടുള്ള ചായ് വ്. മറിച്ച്, അത് ചന്തുമേനോന്റെ *'ഇന്ദുലേഖ'*, എംടി വാസുദേവൻ നായരുടെ *'നാലുകെട്ട്'*, വൈക്കം മുഹമ്മദ്ബഷീറിന്റെ *'ന്റുപ്പൂപ്പാക്കൊരാനണ്ടേർന്ന്'* എന്നീ നോവലുകളോടാണ്. *നാലുകെട്ടി*ന്റെ മുസ്ലിം പകർപ്പും *ന്റുപ്പൂപ്പാക്കൊരാനണ്ടേർന്ന്* കഥയുടെ വിപുലമായ പതിപ്പുമാണ് *സുൽത്താൻ വീട്* എന്ന നിരീക്ഷണവും സാധ്യമാണ്' (ജമീൽ അഹമ്മദ്, 2017:39). തറവാടുകളിൽ നിന്ന് തിരസ്കരിക്കപ്പെട്ടവരാണ് *സുൽത്താൻവീട്ടി*ലെയും *നാലുകെട്ടി*ലെയും നായകന്മാർ. രണ്ട് പേരുടെയും ജീവിതക്രമം ഏറെക്കുറെ സമമായാണ് സഞ്ചരിക്കുന്നത്. രണ്ടാളും തങ്ങൾക്ക് ഉപകരിക്കാത്ത (ഉപകരിച്ചിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു എന്നത് ചോദ്യമാണ്) പാരമ്പര്യത്തിന്റെ വരൾച്ചയും ആധുനികതയുടെ സാധ്യതകളും അന്വേഷിച്ചു കണ്ടെത്തിയവരാണ്. കൂട്ടുകുടുംബവ്യവസ്ഥയുടെ പരിണാമം കാണിച്ചുകൊണ്ടാണ് *'നാലുകെട്ടും' 'സുൽത്താൻ വീടും'* അവസാനിക്കുന്നത്.

*നാലുകെട്ടി*നെയും *സുൽത്താൻ വീടി*നെയും താരതമ്യം ചെയ്ത്കൊണ്ടുള്ള ജമീൽ അഹമ്മദിന്റെ നിരീക്ഷണം നോക്കാം. '*സുൽത്താൻ വീടി*ന്റെ കെട്ടുറപ്പിനെ ശിഥിലീകരിച്ച ഘടകങ്ങളിൽ പലതും കേരളത്തിലെ നായർ സമുദായത്തിന്റെ നാലുകെട്ടുകളെ ശിഥിലീകരിച്ച ഘടകങ്ങൾ തന്നെയായിരുന്നു. തറവാട്ടിലെ (സമുദായത്തിലെ) അംഗങ്ങൾ പുറത്തുപോയി തൊഴിലെടുക്കുക, പുറത്തുനിന്ന് ഭക്ഷണം കഴിക്കുക, പുറത്തെ ലോകത്തുനിന്ന് ചങ്ങാതിമാരെ കണ്ടെത്തുക, പുറത്ത് സമാന്തരമായ കാരണവന്മാരെ അനുസരിക്കുക എന്നിവയാണ് അതിലെ പ്രധാനപ്പെട്ട നാലു കാര്യങ്ങൾ. തറവാടിന്റെ പുറത്തുള്ള ഭക്ഷണ-ഭാഷണ-വേഷ-സാമ്പത്തിക വ്യവഹാരങ്ങളാണ് അതിന്റെ പാരമ്പര്യ

കെട്ടുറപ്പുകളെ തകർക്കുക എന്ന ഒച്ചപ്പാടുകൾ *ഇന്ദുലേഖ*യിലും *നാലുകെട്ടി*ലും നാം കേട്ടിട്ടുണ്ടല്ലോ. ഇന്ദുലേഖ ഇങ്കിരിയസ്സു പഠിക്കുന്നതാണല്ലോ കാരണവരെ ഏറെ വിഷമിപ്പിച്ചത്. നമ്പൂതിരി മേൽക്കോയ്മക്കെതിരെ നടന്ന പ്രധാനപ്പെട്ട ഒരു പ്രസ്ഥാനം തന്നെ 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്നായിരുന്നു' (ജമീൽ അഹമ്മദ്, 2017:44). പാരമ്പര്യ ചിന്തകളിൽ നിന്ന് വ്യത്യസ്തമായ പുതിയ മൂല്യങ്ങളും ജീവിതവ്യവഹാരങ്ങളുമാണ് ആധുനികതയ്ക്ക് അടിസ്ഥാനമായി പ്രവർത്തിച്ചത്. കേരളത്തിലെ രണ്ട് സമുദായങ്ങൾ ആധുനിക നവോത്ഥാനവുമായുള്ള തങ്ങളുടെ കൂടിച്ചേരൽ എങ്ങനെയെല്ലാം സാധ്യമാക്കുന്നു എന്നതിന്റെ മാതൃകകൾ ഈ രണ്ട് നോവലുകളിൽ നിന്നും കണ്ടെടുക്കാനാവുമെന്ന് ചുരുക്കം.

**വീട്ടിലെ പെണ്ണുങ്ങൾ**

സുൽത്താൻ വീടിന്റെ അകത്തെ ലോകവും പുറത്തെ ലോകവും നോവലിലുണ്ട്. അകത്തെ ലോകത്താണ് പെണ്ണുങ്ങളുള്ളത്. നോവലിസ്റ്റിന്റെ തന്നെ ഭാഷയിൽ 'വിരിക്ക് അപ്പുറത്താണ് പെണ്ണുങ്ങളുടെ ലോകം'. ഈ പെണ്ണുങ്ങളുടെ ലോകം നോവലിൽ സജീവമായിത്തന്നെ നിലകൊള്ളുന്നതാണ്. വിശാലമായ വീടിനുള്ളിൽ സ്വൈര്യവിഹാരം നടത്തുന്ന സ്ത്രീകൾ നോവലിലൊരിടത്തും പുറംലോകത്തെ സ്വാതന്ത്ര്യമറിയാൻ ശ്രമിക്കുന്നില്ല. പുറംലോകത്തെ കാര്യങ്ങളിൽ ഇടപെടുന്നില്ലെങ്കിലും അവർ സ്വാതന്ത്ര്യവും അധികാരവുമുള്ളവരാണ്. മരുമക്കത്തായമായത് കൊണ്ട് തന്നെ സ്വഗൃഹങ്ങളിൽ ഭർത്താക്കന്മാരേക്കാൾ സവിശേഷ അധികാരമുള്ളവരാണിവർ. നമ്പൂതിരി-നായർ തറവാടുകളിലെ സ്ത്രീകളേക്കാൾ അവർക്ക് കുടുംബവ്യവസ്ഥയിൽ പ്രാധാന്യം ലഭിച്ചിരുന്നു. നോവലിൽ ഈ തറവാടിനോ സമുദായത്തിനോ പുറത്തുള്ള സ്ത്രീകളുടെ ജീവിതം ആവിഷ്കരിക്കപ്പെടുന്നില്ല.

സ്ത്രീകഥാപാത്രങ്ങളിൽ കരുത്ത് കാണിക്കുന്നത് കൗജേയിയും പാത്തുമ്മേയിയുമാണ്. ഒരാൾ അധികാരവും ധനവുമുള്ള കാരണവത്തി. മറ്റെയാൾ അരികുവൽക്കരിക്കപ്പെട്ട ദരിദ്രയായ വിധവ. സുൽത്താൻ വീട്ടിലെ മൂന്ന് തലമുറ മുമ്പേയും നാല് തലമുറ പിമ്പേയും കണ്ട കഥാപാത്രമാണ് കൗജേയി. മുസ്ലിം മരുമക്കത്തായ കുടുംബങ്ങളിലെ പെണ്ണധികാരത്തിന്റെ ശക്തി തകർന്നു വീഴുന്ന കാലത്തിന്റെ സാക്ഷ്യമാണ് ഈ കഥാപാത്രം. തറവാടുകളുടെ തകർച്ച ആൺവ്യവഹാരത്തിൽ നിന്ന്

ISSN:2582-550X

ISSN:2582-550X

ദർശിക്കുന്നതിന് പകരം പെൺവ്യവഹാരത്തിൽ നിന്നുമുള്ള നോട്ടമാണ് ഈ കൃതിയിൽ അവലംബിച്ചിട്ടുള്ളത്. തറവാട്ടിലെ കാരണവത്തിയായ കൗജേയി വൈക്കം മുഹമ്മദ്ബഷീറിന്റെ *'ന്റുപ്പൂപ്പാക്കൊരാനണ്ടർന്ന്'* നോവലിലെ കുഞ്ഞുതാച്ചുമ്മയെ അനുസ്മരിപ്പിക്കുന്നുണ്ട്. പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നവരാണ് ഈ രണ്ട് കഥാപാത്രങ്ങളും. നാല്പത് വെള്ളാട്ടിമാരെ വെച്ചുവാണ ഹജ്ജിബിത്താത്തയുടെ പേരക്കുട്ടിയാണെന്നും പ്രമാണിയായ മാമുക്കോയയുടെ ഭാര്യയാണെന്നും അവർ ഇടക്കിടെ ഓർക്കുന്നുണ്ട്. കുഞ്ഞുതാച്ചുമ്മക്ക് ധനമാണ് പ്രശ്നമെങ്കിൽ കൗജേയിക്ക് അധികാരമാണ് പ്രശ്നം. ആധുനികതയുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ ഇടപെടലുകളാൽ തറവാട്ടിലെ കീഴ്വഴക്കങ്ങളിൽ നിന്ന് മാറിനടക്കുന്നവർ തന്റെ അധികാരത്തിൽ വിള്ളലുണ്ടാക്കുന്നത് അവർക്ക് സഹിക്കാനാകുന്നില്ല.

പാത്തുമ്മേയി ധീരയായ സ്ത്രീകഥാപാത്രമാണ്. തനിക്കും രണ്ട് അനാഥക്കുട്ടികൾക്കും വേണ്ടി ഒറ്റക്ക് പൊരുതുന്ന അവർ ആത്മാഭിമാനം എവിടെയും വിട്ടുകൊടുക്കുന്നില്ല. ഒരു സംരഭകയുടെ വേഷം കൂടി നോവലിസ്റ്റ് അവർക്ക് നൽകുന്നുണ്ട്. ആധുനികതയുമായി നേരിട്ടുള്ള സ്വാധീനമോ സമ്പർക്കമോ പാത്തുമ്മേയിക്കുണ്ടാകുന്നില്ലെങ്കിലും കുത്തിമറച്ചതാണെങ്കിലും സ്വന്തമായി ഒരു കൂര വേണമെന്ന അവരുടെ ആഗ്രഹം അധികാരഘടനക്കെതിരെ ഉമ്മർകോയയോട് ചേർന്ന് നിന്നുള്ള അവരുടെയും പ്രതിഷേധമായിരുന്നു. ഉമ്മർകോയയുടെ പുതിയ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കുമെല്ലാം അനുവാദവും സ്വാതന്ത്ര്യവും വളർത്തുമ്മ പാത്തുമ്മേയി നൽകുന്നുണ്ട്. എന്നാൽ, മതനിയമങ്ങൾ, തറവാടിന്റെ പാരമ്പര്യം എന്നിവക്ക് കോട്ടം തട്ടുന്ന പ്രവർത്തികൾക്ക് മുതിരുമ്പോൾ അവർ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നുമുണ്ട്.

ഭക്ഷണം, ആഭരണം, വസ്ത്രം, മതം, ആചാരം, മാമൂലുകൾ എന്നിവയിൽ മാത്രം ശ്രദ്ധയുള്ള മറ്റുള്ളവ തങ്ങളെ ബാധിക്കുന്നില്ലെന്ന് കരുതുന്ന സ്ത്രീകളെയാണ് നോവലിസ്റ്റ് ചിത്രീകരിച്ചിക്കുന്നത്. ചുരുക്കത്തിൽ കുശുമ്പും കുഞ്ഞായ്മയും ഇണക്കവും പിണക്കവുമുള്ള 'സോകാൾഡ്' നിഷ്കളങ്ക സമൂഹമായാണ് ഈ നോവലിലെ സ്ത്രീകളെ ചിത്രീകരിച്ചിരിക്കുന്നത്. മാത്രമല്ല, നവോത്ഥാനപ്രക്രിയ ഒരു പുരുഷപദ്ധതിയായിട്ടാണ് നോവലിസ്റ്റ് കരുതുന്നത്. ഒരു പെൺകുട്ടി പോലും സ്വയം ഉയർന്നു വരുന്നതായുള്ള രംഗം കാണാനാകില്ല.

ആധുനികത പെണ്ണുങ്ങളിലേക്കെത്തുമ്പോൾ ഹലീമക്ക് മാത്രമാണ് അതിന് നേരിട്ടുള്ള അവസരം ലഭിക്കുന്നത്. പക്ഷെ, നോവലിസ്റ്റ് ആ മാറ്റത്തിന്റെ ക്രെഡിറ്റ് നൽകുന്നത് ഭർത്താവായ ഉമ്മർകോയക്കാണ്.

**ഉപസംഹാരം**

ഒരേസമയം ദേശം, സമുദായം, വ്യക്തി എന്നീ തലങ്ങളിൽ കൂടിയാണ് *സുൽത്താൻവീട്ടി*ലെ കഥ വികസിക്കുന്നുണ്ട്. പ്രാദേശിക ചരിത്രപഠനത്തിന്റെ ഉപാദാനസാമഗ്രിയായി ഇത്തരം നോവലുകളെ പരിഗണിക്കാനുള്ള സാധ്യതകൾ ഈ കൃതിയുടെ ബഹുതലവായനകളിലൂടെ കണ്ടെടുക്കാവുന്നതാണ്. വി.ടി.ഭട്ടതിരിപ്പാടിന്റെ *'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്'*, കെ. ദാമോദരന്റെ *'പാട്ടബാക്കി'* എന്നീ നാടകങ്ങളെ പോലെ സാമൂഹിക-സമുദായിക പരിവർത്തനത്തിനുള്ള ആഹ്വാനം ഈ നോവൽ വായനക്കാരിലേക്ക് കൈമാറുന്നുണ്ട്. ഈ കാര്യത്തിൽ നാടകത്തിന്റെയത്ര ജനകീയത നോവലുകൾക്ക് അവകാശപ്പെടാനാവില്ലെങ്കിലും പുരോഗമനവും പരിവർത്തനവും ഈ നോവലിന്റെയും ധർമ്മമാകുന്നുണ്ട്. ഈ ദേശത്ത് രൂപം കൊണ്ട് സാമുദായിക പരിഷ്കരണത്തിന്റെ സ്വാധീനം കേരളത്തിലെ ഇതരദേശങ്ങളിലെ മുസ്ലിങ്ങളെക്കൂടി പിൽക്കാലങ്ങളിൽ സ്വാധീനിക്കുന്നുണ്ട്. അക്കാലത്തെ പ്രധാന ഗതാഗത-വാണിജ്യ മാർഗം തീരപ്രദേശങ്ങളിലൂടെയായതിനാൽ അവിടെ സാംസ് കാരികവിനിമയങ്ങൾക്ക് താരതമ്യേന വേഗതയുണ്ടായിരുന്നതായി കാണാം.

ഒരു കാലത്തെ പ്രതാപികളായ കോയമാരുടെ സാമ്പത്തികവായന നടത്തുകയാണെങ്കിൽ കോയമാരുടെ പ്രതാപം നഷ്ടപ്പെടാൻ അവർക്കിടയിലുണ്ടായിരുന്ന അനാവശ്യമായ മാമൂലുകൾ കാരണമായിട്ടുണ്ടെന്നത് മനസ്സിലാക്കാം. ഒരോ ചടങ്ങുകളിലും പ്രാമാണിത്യം കാണിക്കുന്നതിനായി സമ്പത്ത് ധൂർത്തടിച്ചു പിന്നീട് കച്ചവടം ചെയ്യാൻ കാശില്ലാതാകുന്ന അവസ്ഥകൾ നോവലിൽ തന്നെ അവതരിപ്പിക്കുന്നുണ്ട്. കോഴിക്കോട്ടെ മുസ്ലിം വാമൊഴിവഴക്കത്തിൻറെയും അതിലുപയോഗിക്കുന്ന ധാരാളം സവിശേഷപദങ്ങളുടെയും ശേഖരം ഈ നോവലിലുണ്ട്. ആ ഭാഷാഭേദത്തോട് ഇത്തിരിയെങ്കിലും ബന്ധമില്ലാത്തവർക്ക് നോവലിലെ പല ഭാഗങ്ങളും മനസ്സിലാക്കി മുന്നോട്ട് പോകാൻ ചെറിയ

പ്രയാസമുണ്ടാകും. ഒരേ ദേശം പശ്ചാത്തലമാകുന്ന മികച്ച നോവലുകൾ എന്ന നിലയിൽ *'ഒരു ദേശത്തിന്റെ കഥ'* ആഘോഷിക്കപ്പെടുന്നതിന്റെ നൂറിലൊന്ന് പോലും ഈ കൃതിക്ക് ലഭിക്കുന്നില്ലെന്നത് വാസ്തവമാണ്. മേൽ പറഞ്ഞത് അതിന്റെ വളരെ ചെറിയൊരു കാരണമായി മാത്രമേ എണ്ണാനാവൂ. മറ്റൊരു വസ്തുത, കാലഘട്ടങ്ങൾ മാറിവരുമ്പോൾ സാമൂഹികവീക്ഷണങ്ങളിലും വലിയ വ്യതിയാനങ്ങളുണ്ടാകുന്നതിന്റെ ദൃഷ്ടാന്തമാണ് അന്ന് കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്ന് പുറത്ത് കടന്നതും ഇന്ന് അണുകുടുംബ വ്യവസ്ഥയിൽ അപലപിക്കുന്നതും.

**കുറിപ്പുകൾ**

1. പി.എ. മുഹമ്മദ്കോയ നോവലിസ്റ്റ്, കഥാകൃത്ത്, പത്രപ്രവർത്തകൻ, സ്പോർട്സ് ലേഖകൻ, സാമൂഹിക- സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ അറിയപ്പെട്ടു. മിനിക്കിന്റകത്ത് അഹമ്മദ് കോയമുല്ല, പൊന്മാണിച്ചിന്റകത്ത് കദീശാബി ദമ്പതികളുടെ മകനായി 1922 ആഗസ്റ്റ് 15ന് കോഴിക്കോടാണ് മുഹമ്മദ്കോയ ജനിക്കുന്നത്. *സുൽത്താൻ വീട്, സുറുമായിട്ട കണ്ണുകൾ, ടാക്സി, അഭിലാഷം, സ്പോർട്സ്മാൻ, ദ്വീപുകാരൻ* എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. അദ്ദേഹത്തിന്റെ കഥകളിലും നോവലുകളിലും കൂടുതലായും കാണപ്പെടുന്ന പ്രമേയം ലക്ഷദ്വീപിലെയും മലബാറിലെയും സാമൂഹികജീവിതമാണ്. സുറുമയിട്ട കണ്ണുകൾ 1983–ൽ സിനിമയായപ്പോൾ അതിന്റെ കഥ, തിരക്കഥ, സംഭാഷണം എന്നിവ നിർവ്വഹിച്ചത് മുഹമ്മദ്കോയയാണ്. ഹാരിസ്, മുഷ്താക് എന്നിവ അദ്ദേഹത്തിന്റെ തൂലികാനാമങ്ങളാണ്. കോഴിക്കോട് വലിയങ്ങാടിയിലുള്ള മുഷ്താക് റോഡ് അദ്ദേഹത്തിന്റെ സ്മരണാർത്ഥമാണ്. 1990 ഒക്ടോബർ 27ന് മുഹമ്മദ്കോയ അന്തരിച്ചു.

**സഹായകഗ്രന്ഥങ്ങൾ**


ജമീൽ അഹമ്മദ്. (2017 നവംബർ - 2018 ജനുവരി). *സുൽത്താൻവീട് കുറ്റിച്ചിറയുടെ ഇതിഹാസം*. കവനകൗമുദി ത്രൈമാസിക, ISSN 2456-2513.

പോൾ, എം.പി. (1998). *നോവൽ സാഹിത്യം*. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, പതിപ്പ് 12.

മമ്മത് കോയ, പി.പി. പരപ്പിൽ. (2012). കോഴിക്കോട്ടെ മുസ്ലിങ്ങളുടെ ചരിത്രം. കോഴിക്കോട്: വചനം ബുക്സ്.

മുഹമ്മദ് കോയ, പി. എ. (2021). *സുൽത്താൻ വീട്*, കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്.

രവീന്ദ്രൻ, പി. പി. (2017). *ആധുനികത.* അജു കെ. നാരായണൻ (എഡി.) *താക്കോൽ വാക്കുകൾ വിചാരമാതൃകകൾ കേരളീയ നോട്ടങ്ങൾ.* ആലുവ: വിദ്വാൻ പി.ജി നായർ സ്മാരക ഗവേഷണ കേന്ദ്രം.



**Fathima Shifanath K.T**
Research Scholar
Department of Malayalam & Kerala Studies
University of Calicut
Pin: 673635
India
Email: shifanakt23@gmail.com
Ph: +91 9495675638
ORCID: 0009-0001-5182-761X
&
**Dr. HaskerAli E.C**
Professor
Department of Malayalam
Sullamussalam Science College, Areekode
Pin: 673639
India
Email: drhaskerali@gmail.com
Ph: +91 9895092330
ORCID: 0009-0009-4143-9726